**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1782** — **11-10-2024 - ൽ മറുപടിയ്ക്ക്**

**മിശ്രവിവാഹ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ മിശ്രവിവാഹ ധനസഹായം ലഭ്യമാകാൻ കാലതാമസം നേരിടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>നടപ്പുസാമ്പത്തിക വർഷം ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലങ്ങളിലായി യഥാക്രമം 96,78,000/- രൂപ, 6,62,000/- രൂപ, 9,75,000/- രൂപ എന്നിങ്ങനെ ആകെ 1,13,15,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ 322 ഗുണഭോക്താക്കൾക്ക് 96,60,000/- രൂപയും, മുൻസിപ്പാലിറ്റി തലത്തിൽ 22 ഗുണഭോക്താക്കൾക്ക് 6,60,000/- രൂപയും, കോർപ്പറേഷൻ തലത്തിൽ 32 ഗുണഭോക്താക്കൾക്ക് 9,60,000/- രൂപയും ചേർത്ത് ആകെ 1,12,80,000/- രൂപ (ഒരു കോടി പന്ത്രണ്ട് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. അപേക്ഷകൾ മുൻഗണനാക്രമം പാലിച്ചുകൊണ്ട് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് അനുവദിക്കുന്നത്. |
| (ബി) | ഉണ്ടെങ്കിൽ ധനസഹായം സമയബന്ധിതമായി നൽകുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; അറിയിക്കാമോ? | (ബി) | നടപ്പ സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയിരുന്ന 1,13,15,000/- രൂപയിൽ നിന്നും 1,12,80,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. കുടിശ്ശിക തുക അധിക ധനാഭ്യർത്ഥന പ്രകാരം അനുവദിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ